7. കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ്, മലപ്പുറം
8. ഈസ്റ്റേൺ കോൺടിമെന്റ്സ്, തൊടുപുഴ.
9. പൊൻമുടി എസ്റ്റേറ്റ്, തിരുവനന്തപുരം.
10. ട്രാവൻകൂർ റബ്ബർ ആന്റ് റ്റി കമ്പനി, ഇടുക്കി.

(ബി) ഇപ്പോൾ സംസ്ഥാനത്ത് 100 ൽ കൂടുതൽ തൊഴിലാളികളുള്ള 10 വ്യവസായ സ്ഥാപനങ്ങൾ ലോക്കൗട്ടുമൂലവും 2 വ്യവസായ സ്ഥാപനങ്ങൾ ലേ-ഓഫ് മൂലവും മറ്റ് 8 സ്ഥാപനങ്ങൾ പലവിധ കാരണങ്ങളാലും പൂട്ടിക്കിടക്കുകയാണ്. അവയെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) ലോക്കൗട്ട് ചെയ്ത വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി അതാതു ജില്ലകളിലെ അനുരഞ്ജന ഉദ്യോഗസ്ഥന്മാരായ ജില്ലാ ലേബർ ഓഫീസർമാർ 1947-ലെ വ്യവസായ തർക്ക നിയമ്മനുസരിച്ച് തൊഴിലാളി പ്രതിനിധികളെയും തൊഴിൽദായക പ്രതിനിധികളെയും ചർച്ചയ്ക്കായി വിളിക്കുകയും തർക്കം പരിഹരിച്ചില്ലായെങ്കിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറോ, ലേബർ കമ്മീഷണറോ ഇടപെട്ട് അനുരഞ്ജന ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചുവരുന്നു. തർക്കം പരിഹരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ തൊഴിൽതർക്ക നിയമത്തിലെ 10(1), (സി), (ഡി) വകുപ്പ് പ്രകാരം ലേബർ കോടതിയുടെയോ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീരുമാനത്തിനായി അനുരഞ്ജന പരാജയ റിപ്പോർട്ട് സമർപ്പിക്കുന്നു.

പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

4 (2001) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി എന്താണെന്ന് അറിയിക്കാമോ ;

(ബി) വ്യവസായ പുനരുദ്ധാരണത്തിനുവേണ്ടി എന്തു തുക പിരിച്ചുവെന്നും, എന്തു തുക ഗവൺമെന്റ് വിഹിതമായി നൽകിയെന്നും വിശദമാക്കുമോ ;

(സി) ഇപ്രകാരം സമാഹരിച്ച ഫണ്ടിൽ നിന്നും ഏതൊക്കെ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം സാദ്ധ്യമാക്കിയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് സംഘങ്ങൾ അടച്ചുപൂട്ടൽ ഭീഷണിയെ നേരിടുകയാണെന്ന സംഗതി സർക്കാരിനു ബോദ്ധ്യമായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും ഈ കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടനയ്ക്കും വിപുലീകരണത്തിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരികയാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും, മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കാൻ സാധിക്കാത്ത വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭ സാദ്ധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനം ലഭ്യമാക്കാൻവേണ്ടി കേരള വ്യവസായ പുന:രുദ്ധാരണ നിധി രൂപീകരിച്ചു. ഈ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്ന കമ്പനികളുടെ പ്രവർത്തനങ്ങൾ റിയാബ് വിശദമായി അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ ചെറുകിട വ്യവസായ മേഖലയിലെ പീഡിത വ്യവസായ പുനരുദ്ധാരണത്തിനായി ഓരോ ജില്ലയിലും വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പുനരുദ്ധാരണ നടപടി എടുത്തു വരുന്നു.

(ബി) കേരള വ്യവസായ പുനരുദ്ധാരണ നിധിക്കുവേണ്ടി ബോണ്ടുകളുടെ വില്പന വഴി 180 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. പ്രസ്തുത നിധിയ്ക്കുവേണ്ടി സർക്കാരിന്റെ വിഹിതമായി ഇതുവരെ 45 കോടിരൂപയും നൽകിയിട്ടുണ്ട്.

(സി) വിശദ വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ഡി & ഇ) വിശദ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വളർച്ചാകേന്ദ്രങ്ങൾ

5 (2002) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ബാലറാം :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായികമായി പിന്നോക്കാവസ്ഥയിലുള്ള ജില്ലകൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വളർച്ചാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly